**പതിനാലാം കേരള നിയമസഭ**
**പതിനഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1159** **11.06.2019-ൽ മറുപടിയ്ക്ക്**

# ടെക്സ്റ്റോ ജംഗ്ഷൻ-ഷഹീദാർപള്ളി റോഡ്

| ചോദ്യം | | മറുപടി |
|---|---|---|
| **ശ്രീമതി.യു. പ്രതിഭ** | | **ശ്രീ.ജി.സുധാകരൻ** (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പമന്ത്രി) |
| (എ) നബാർഡിൽ ഉൾപ്പെടുത്തി 4.98 കോടി രൂപ വിനിയോഗിച്ച് നിർമ്മിക്കുന്ന ടെക്സ്റ്റോ ജംഗ്ഷൻ-ഷഹീദാർപള്ളി റോഡിന്റെ നിർമ്മാണപ്രവർത്തനങ്ങൾ മന്ദഗതിയിലാണ് നടക്കുന്നതെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) & (ബി) | കായംകുളം മണ്ഡലത്തിലെ ടെക്സ്റ്റോ ജംഗ്ഷൻ - ഷഹിദാർ പള്ളി റോഡിന്റെ നിർമ്മാണം എന്ന പ്രവൃത്തി ശ്രീ. മെഹ്ബൂസ് എന്ന കരാറുകാരൻ കരാർ നം. 42/SESC/2018/19 തീയതി 12/07/2018 പ്രകാരം ഏറ്റെടുത്തിട്ടുള്ളതാണ്. 4.98 കോടി ചിലവുള്ള പ്രസ്തുത പ്രവൃത്തിയുടെ കരാർ പ്രകാരമുള്ള പൂർത്തീകരണ തീയതി 12/07/2019 ആണ്. എന്നാൽ 1710 മീറ്റർ റോഡ് ബി.എം.മാത്രമാണ് ടി കരാറുകാരൻ ആകെ ചെയ്തിട്ടുള്ളത്. 08/02/2019 ൽ ബഹു. എം.എൽ.എ ശ്രീമതി. പ്രതിഭയുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ 28/02/2019 ന് മുൻപ് ടി പ്രവൃത്തി പൂർത്തീകരിക്കാമെന്ന് കരാറുകാരൻ വാക്ക് നൽകിയിരുന്നു. പക്ഷെ നാളിതുവരെയായും ടിയാൻ പണി പൂർത്തീകരിച്ചിട്ടില്ല. ടി പ്രവൃത്തിയുടെ സ്തംഭനാവസ്ഥയ്ക്കുള്ള കാരണം അടിയന്തിരമായി അറിയിക്കുന്നതിനും ഉടൻ തന്നെ പ്രവൃത്തി പൂർത്തീകരിക്കുന്നതിനുമുള്ള നടപടികൾക്കായി കരാറുകാരന് 04/02/2019, 14/03/2019, 21/05/2019 എന്നീ തീയതികളിൽ കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ബി) എങ്കിൽ നിർമ്മാണ പ്രവർത്തനങ്ങൾ ഊർജിതമാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ? | | |

സെക്ഷൻ ഓഫീസർ